# സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ: ജാഫർ മലിക് ഐ.എ.എസ്)

തിരുവനന്തപുരം.

ഉത്തരവ് നം.ഇ5-12106/2018. തീയതി.01.10.2018.

വിഷയം:- സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം – ജീവനക്കാരുടെ മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയുടെ നോഡൽ ഓഫീസറായി ശ്രീ. പ്രദീപ്. പി, സീനിയർ സൂപ്രണ്ടിനെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. ധനകാര്യ (ഹെൽത്ത് ഇൻഷ്വറൻസ്) വകുപ്പിന്റെ 07.08.2018 ലെ തീയതിയിലെ 73/2018/ധന. പരിപത്രം.
2. ബി-സെക്ഷൻ സൂപ്രണ്ടിന്റെ 11.09.2018-ൽ ലഭ്യമാക്കിയ ബി2-11843/2018 നം. യു.ഒ നോട്ട്.

സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടേയും, പെൻഷൻകാരുടേയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ടെണ്ടർ നടപടികൾക്ക് മുന്നോടിയായി സംസ്ഥാന സർക്കാർ ജീവനക്കാരുടെ വിവരശേഖരണം നടത്താൻ തീരുമാനിച്ച പ്രകാരം വിവരശേഖരണം കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിന് പരാമർശം (1) പ്രകാരം തുടർനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരിക്കുന്നു.

എല്ലാ വകുപ്പുമേധാവികളും പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളെ സംബന്ധിച്ചുള്ള വിവരശേഖരണവും, തുടർപ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനും, സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും വകുപ്പുതലത്തിൽ നോഡൽ ഓഫീസറെ നിയമിക്കുകയും, പ്രസ്തുത ഓഫീസറുടെ ഔദ്യോഗിക ഇ-മെയിൽ വിലാസം, മൊബൈൽ നമ്പർ, ഓഫീസ് നമ്പർ സഹിതമുള്ള വിവരങ്ങൾ ധനകാര്യ (ആരോഗ്യഇൻഷ്വറൻസ്) വകുപ്പിനെ രേഖാമൂലവും, adlsecy.hltins@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിൽ അറിയിക്കുകയും ചെയ്യാൻ നിർദ്ദേശിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ MEDISEP പ്രവർത്തനങ്ങൾക്ക് മേൽനോട്ടവും, ഏകോപനവും സാദ്ധ്യമാക്കി സമയബന്ധിതമായി പൂർത്തിയാക്കുന്നതിലേയ്ക്കായി സാമൂഹ്യനീതി വകുപ്പിലെ നോഡൽ ഓഫീസറായി ബി-സെക്ഷൻ സൂപ്രണ്ടായ ശ്രീ. പ്രദീപ്. പി, സീനിയർ സൂപ്രണ്ടിനെ നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

നോഡൽ ഓഫീസർ പരാമർശം (1) സർക്കുലറിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കേണ്ടതും, വകുപ്പിന് കീഴിലുള്ള എല്ലാ കാര്യാലയങ്ങളിലും പരാമർശിത സർക്കുലർ ഖണ്ഡിക (ii) (iii) ലെ നിർദ്ദേശങ്ങൾ നടപ്പിലാക്കപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. നോഡൽ ഓഫീസർക്ക് ലഭ്യമാക്കിയിട്ടുള്ള വിവരം മെഡിസെപ് വെബ്സൈറ്റിലെ ഇൻഫോ മെനുവിൽ

ലഭ്യമാക്കിയിരിക്കുന്ന എക്സൽ ഫോർമാറ്റിൽ തയ്യാറാക്കി ഔദ്യോഗിക ഇ-മെയിലിൽ നിന്നും info.fin@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിലേയ്ക്ക് നിശ്ചിത തീയതിക്കകം കൈമാറേണ്ടതുമാണ്.

സാമൂഹ്യനീതി ഡയറക്ടറേറ്റിൽ നിന്നും ശമ്പളം വാങ്ങുന്ന എല്ലാ ജീവനക്കാരുടേയും വിവരശേഖരണം പൂർത്തിയാക്കുന്ന മുറയ്ക്ക് ഡാറ്റാ എൻട്രി പ്രവർത്തനങ്ങൾക്കായി ഒരാളെ നിയോഗിക്കുന്നതായിരിക്കും.

(ഒപ്പ്)
സാമൂഹ്യനീതി ഡയറക്ടർ

ശ്രീ. പി. പ്രദീപ്,
സീനിയർ സൂപ്രണ്ട്.

പകർപ്പ്:-
1. ഗവ. സെക്രട്ടറി, ധനകാര്യ (ആരോഗ്യഇൻഷ്വറൻസ് വകുപ്പ്)
2. എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും,
3. എല്ലാ കീഴ് കാര്യാലയമേധാവിമാർക്കും,
4. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
5. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്